പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1121 — 02-05-2017-ലെ മറുപടിയ്ക്ക്

**വിള ഇൻഷ്വറൻസ് പദ്ധതി പുന:ക്രമീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.എം. മുകേഷ്**<br>**ശ്രീ.യു. ആർ. പ്രദീപ്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;<br><br>**(ബി)** ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും എത്ര തുകയാണ് പരമാവധി ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | **(എ) & (ബി)** സംസ്ഥാനത്തെ 25 പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് 22.03.2017 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **(സി)** ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ്; | **(സി)** സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം, അംഗങ്ങളായ കർഷകരിൽ നിന്നും ലഭിക്കുന്ന പ്രീമിയം, ഫണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്നും ലഭിക്കുന്ന പലിശ എന്നിവയിലൂടെയാണ് ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത്. |
| **(ഡി)** ചെറുകിട കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്ക വിധത്തിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പുന:ക്രമീകരിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | **(ഡി)** ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ആനുകൂല്യം ലഭിക്കുന്ന വിധത്തിലാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**